സംസ്ഥാനത്തെ പോളിടെക്നിക്കുകൾ

179. [461] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എം. വി. രാഘവൻ :
,, എ. കെ. പത്മനാഭൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര പോളിടെക്നിക്കുകൾ ഉണ്ട് ;
(ബി) ഗവൺമെന്റ് പോളിടെക്നിക്കുകൾ എത്ര ;
(സി) സ്വകാര്യ പോളിടെക്നിക്കുകൾ എത്ര ?

ഉത്തരം

(എ) 25.
(ബി) 19.
(സി) 6.

സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം

180. [462] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിൽ പോളിടെക്നിക്കുകൾ തുടങ്ങുവാൻ പണ്ടുണ്ടായിരുന്ന മാനദണ്ഡം എന്തായിരുന്നു ?

(ബി) പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും കേരളത്തിൽ ഇന്ന് എത്ര കുട്ടികൾക്ക് പ്രതിവർഷം പഠിക്കുവാൻ സൗകര്യമുണ്ട് ;

(സി) മറ്റു സംസ്ഥാനങ്ങളിൽ ഇത് എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പണ്ടുണ്ടായിരുന്ന മാനദണ്ഡമനുസരിച്ച് ആവർത്തിക്കപ്പെടാത്ത ചെലവിന്റെ 75 ശതമാനം ഗവൺമെന്റും 25 ശതമാനം മാനേജുമെന്റും വഹിക്കണമായിരുന്നു. ആവർത്തനച്ചെലവ് മുഴുവനും ഗവൺമെന്റാണ് വഹിച്ചിരുന്നത്. വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ 85 ശതമാനം സർക്കാർ വിഹിതവും 15 ശതമാനം മാനേജുമെന്റ് വിഹിതവും ആയിരുന്നു.

(ബി) പോളിടെക്നിക്കുകൾ

ആദ്യവർഷക്ലാസ്സിൽ പ്രവേശനം നൽകപ്പെടുന്ന 3050 വിദ്യാർത്ഥികൾക്കും അവരോടൊപ്പം രണ്ടും മൂന്നും വർഷ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും പ്രതിവർഷം പഠിക്കുവാൻ സൗകര്യമുണ്ട്.

എഞ്ചിനീയറിംഗ് കോളേജുകൾ

ആദ്യവർഷക്ലാസ്സിൽ പ്രവേശനം നൽകപ്പെടുന്ന 2100 വിദ്യാർത്ഥികൾക്കും അവരോടൊപ്പം രണ്ടും മൂന്നും വർഷങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രതിവർഷം പഠിക്കുവാൻ സൗകര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	(സി) പോളിടെക്നിക് (ഒന്നും രണ്ടും മൂന്നും വർഷ ക്ലാസ്സുകളും)	എഞ്ചിനീയറിംഗ് കോളേജ് (ഒന്നും രണ്ടും മൂന്നും നാലും വർഷ ക്ലാസ്സുകളും)
തമിഴ്നാട്	47400	24400
കർണാടക	26400	46500
ആന്ധ്രപ്രദേശ്	20700	24800
മഹാരാഷ്ട്ര	39600	33600

മറ്റു സംസ്ഥാനങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യ വിദ്യാലയങ്ങൾ

181. [463] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വകാര്യ മേഖലയിലെ ഹൈസ്ക്കൂളുകൾ എത്ര ;

(ബി) യു. പി. സ്ക്കൂളുകളെത്ര ; എൽ. പി. സ്ക്കൂളുകളെത്ര ;

(സി) സ്വകാര്യ സ്ക്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും മറ്റു ജീവനക്കാരും എത്ര വീതമാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1462

(ബി) 1963 യു. പി. സ്ക്കൂളുകളും. 4210 എൽ. പി. സ്ക്കൂളുകളും.

(സി) 17-7-1984 ൽ 115947 അദ്ധ്യാപകർ സ്വകാര്യ സ്ക്കൂളുകളിൽ ഉണ്ട്. മറ്റു ജീവനക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യ സ്ക്കൂളുകളിലെ ഫിക്സേഷൻ

182. [464] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്റ്റാഫ് ഫിക്സേഷൻ വൈകിയതുമൂലം സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകരുടെ 7/85-ലെ ശമ്പളം നൽകാതിരുന്നതിനെപ്പറ്റി അദ്ധ്യാപക സംഘടനാനേതാക്കളുമായി മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ചർച്ച നടത്തിയോ ;

(ബി) ഈ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ അതോ കോടതി വിധിയുടെ അടിസ്ഥാനത്തിലാണോ അദ്ധ്യാപകർക്ക് ശമ്പളം നൽകിയത് ;

(ഡി) പുതിയ ഫിക്സേഷൻ തീരുമാനത്തെ മാനേജർമാർ സ്വാഗതം ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ചർച്ച നടത്തിയിരുന്നു.

(ബി) ജൂലൈ മാസത്തെ ശമ്പളം നൽകാൻ തീരുമാനിച്ചു.

(സി) ചർച്ചയുടെ അടിസ്ഥാനത്തിലാണ്.

(ഡി) മാനേജർമാർ എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly